**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** | **24-08-2022 - ൽ മറുപടിയ്ക്ക്**

**സംരംഭകർക്ക് അനായാസം സേവനം ലഭ്യമാക്കാനുള്ള പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചും ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിച്ചും സംരംഭകത്വം ഒരു സംസ്കാരമായി വളർത്തിയെടുക്കാനുള്ള ഉദ്യമത്തിന്റെ ഇതുവരെയുള്ള പുരോഗതി ആശാവഹമാണോ എന്ന് അറിയിക്കാമോ; | (എ) | ആശാവഹമാണ്.<br><br>2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഈ ബൃഹത്തായ പദ്ധതി, തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുള്ളതാണ്. 30/3/2022 -ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ 30-03-2022 ലെ സ.ഉ.(സാധാ)നം. 289/2022/ID ഉത്തരവ് പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണിന്റെ നേതൃത്വത്തിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സംരംഭ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | | | പൊതു ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവ ഉൾപ്പെടുത്തി പ്രത്യേക ചെറു വീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1158 പൊതു ബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85,160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പൊതുബോധവൽക്കരണ പരിപാടിയുടെ തുടർച്ചയായി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തി വരുന്നുണ്ട്. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്താകെയായി 22/08/2022 വരെ 49020 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാടിസ്ഥാനത്തിൽ വിദഗ്ധരുടെ പാനൽ തയ്യാറാക്കി എം.എസ്.എം.ഇ. ക്ലിനിക്ക്, താലൂക്ക് തലത്തിൽ ഫെസിലിറ്റേഷൻ സെന്റർ എന്നിവ സ്ഥാപിച്ച് സംരംഭകർക്ക് അനായാസം സേവനം ലഭ്യമാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ? | (സി) | ഉണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴി ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്ക് |

| | | | |
|---|---|---|---|
| | | | ആരംഭിക്കണമെന്ന നിർദ്ദേശം നൽകിക്കൊണ്ട് 25.06.2022 -ലെ സ.ഉ.(സാധാ)നം.1529/2022/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ